# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 112** 21/03/2013 ൽ മറുപടിക്ക്

**<u>ഐ..ടി.അറ്റ് സ്കൂളിന്റെ പ്രവർത്തനം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>" ജി.സുധാകരൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.ദാസൻ | ശ്രീ.പി.കെ. അബ്ദു റബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഐ..ടി.അറ്റ് സ്കൂളിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) പൊതു വിദ്യാഭ്യാസ വകുപ്പിലെ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും സംസ്ഥാനത്തെ സ്കൂളുകളിൽ ഐടി അധിഷ്ഠിത പഠന പ്രവർത്തനങ്ങളും ഇ-ഗവേണൻസ് പ്രവർത്തനങ്ങളും നടപ്പിലാക്കുകയുമാണ് ഐ.ടി അറ്റ് സ്കൂൾ പ്രോജക്ടിന്റെ പ്രധാന പ്രവർത്തനം |
| ബി) ഈയടുത്ത കാലത്തായി ഐ.ടി.അറ്റ് സ്കൂളിൻെറ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല |
| സി) ഈ സ്ഥാപനത്തിൽനിന്നും പരിചയ സമ്പന്നരായ 34 അദ്ധ്യാപകരെ പിരിച്ചുവിടുകയുണ്ടായോ; പിരിച്ചുവിടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഈ തീരുമാനത്തിന് ഡി.പി.ഐ യുടെ അംഗീകാരം ഉണ്ടായിരുന്നോ; | സി) ഐ.ടി അറ്റ് സ്കൂൾ പ്രോജക്ടിൽ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന 34 അധ്യാപകരെ, സംസ്ഥാന സർക്കാർ ജീവനക്കാർ 08/01/2013 മുതൽ നടത്തിയ അനിശ്ചിതകാല പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ 10.01.2013 ൽ അവരവരുടെ മാതൃവിദ്യാലയങ്ങളിലേക്ക് തിരിച്ചയക്കുകയുണ്ടായി ഈ തീരുമാനത്തിന് ഡി.പി.ഐ യുടെ വാക്കാലുള്ള അംഗീകാരം ഉണ്ടായിരുന്നു |
| ഡി) ഐ.ടി.അറ്റ് സ്കൂളിൻെറ ചുമതലയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം ഡി.പി.ഐ സർക്കാരിൻെറ മുമ്പിൽ അറിയിച്ചിട്ടുണ്ടോ ? | ഡി) ഇല്ല |

**സെക്ഷൻ ഓഫീസർ**